**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 398** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിൽ ഇ-ഗവേണൻസ് സേവനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോഴിക്കോട് നഗരത്തിൽ ഇ-ഗവേണൻസ് സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 'നമ്മുടെ കേരളം / USDP' പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, മുഴുവൻ സർക്കാർ ഓഫീസുകളിലും e-office സംവിധാനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

**(ബി)** കോഴിക്കോട് നഗരത്തിലെ പൊതുസ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും സൗജന്യ വൈ-ഫൈ സേവനങ്ങൾ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ഭൂരിഭാഗം പൊതുസ്ഥലങ്ങളിലും പബ്ലിക് വൈ-ഫൈ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

പബ്ലിക് വൈ-ഫൈ (കെ-ഫൈ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു 2000 പുതിയ വൈ - ഫൈ ഹോട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പുതിയ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്ന ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കൂടുതൽ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

**(സി)** യുവാക്കൾക്കായി ഡിജിറ്റൽ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. കേരള നോളജ് ഇക്കോണമി മിഷൻ (KKEM) പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) മുഖേന കെ-ഡിസ്ക് യുവാക്കൾക്ക് ഡിജിറ്റൽ നൈപുണ്യ വികസന പരിശീലനങ്ങളുൾപ്പെടെയുള്ള വിവിധ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കി വരുന്നു. തൊഴിലന്വേഷകരുടെ ഡിജിറ്റൽ രജിസ്ട്രേഷൻ, നൈപുണ്യ പ്രൊഫൈലിംഗ്, ഓൺലൈൻ നൈപുണ്യ വികസന പരിപാടികൾ, സംസ്ഥാനത്തുടനീളമുള്ള എസ്.ഡി.പി.കെ (സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള ) കേന്ദ്രങ്ങൾ മുഖേന നടത്തുന്ന നേരിട്ടുള്ളതും വെർച്വലുമായ തൊഴിൽമേളകൾ, യോജിക്കുന്ന തൊഴിൽ കണ്ടെത്തലുകൾ, തൊഴിലുടമകളുമായുള്ള

ബന്ധിപ്പിക്കൽ, ഓൺലൈൻ കൗൺസിലിംഗ്, മെന്ററിംഗ്, ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ്, പ്ലേസ്മെന്റ് സേവനങ്ങൾ എന്നിവ ഈ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നു

**സെക്ഷൻ ഓഫീസർ**